FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ)-ൽ ഉൾപ്പെട്ടിട്ടുള്ള ജൈവവളങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിലെ വിവിധ പഞ്ചായത്തുകളിലുള്ള ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരും തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ഉള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്യു.സി)-മാരും ജൈവവളസാമ്പിളുകൾ ശേഖരിച്ച് ബാംഗ്ലൂരിലുള്ള റീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിൽ (RCOF) - അയച്ച് ഗുണനിലവാര പരിശോധന ഉറപ്പു വരുത്തുന്നു.

(സി) മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ചെടികൾക്ക് ആവശ്യമുള്ള മൂലകങ്ങളുടെ പരിശോധനയും അതനുസരിച്ചുള്ള മൂലകങ്ങളുടെ ഉപയോഗക്രമവും കർഷകർക്ക് മണ്ണ് പരിശോധനാ ലബോറട്ടറി വഴി നടപ്പിലാക്കിവരുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രാഥമിക, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങളുടെ അഭാവമോ അധിക തോതോ മനസ്സിലാക്കാൻ സാധിക്കുന്നു. ഈ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ അതാത് വിളകൾക്ക് ആവശ്യമായി വരുന്ന മൂലകങ്ങൾ മണ്ണിൽ ചേർക്കേണ്ട അളവ് മണ്ണ് പരിശോധനാ ലാബുകളിൽ നിന്നും കാലാകാലങ്ങളിൽ കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിന്റെ ഗുണങ്ങൾ കർഷകർക്ക് പരിശീലന പരിപാടികൾ മുഖേന നൽകി വരുന്നുണ്ട്.

(ഡി) രാസമിശ്രിത വളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ കേരളത്തിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും പ്രവർത്തിച്ചു വരുന്നു. ഓരോ സാമ്പത്തിക വർഷവും "മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ടുമെന്റൽ ലബോറട്ടറീസ്" എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർക്കും പരിശോധനയ്ക്ക് ശേഖരിച്ച് അയയ്ക്കേണ്ട രാസവളങ്ങളുടെ ടാർജറ്റ് നല്കുകയും പ്രസ്തുത ഉദ്യോഗസ്ഥർ രാസവളങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ലാബിലേക്കയച്ച് ഗുണനിലവാരം ഉറപ്പു വരുത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ

18 (*288) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന സ്ഥാപനങ്ങളിൽനിന്നുള്ള പാലിനെ ആശ്രയിക്കേണ്ടാത്ത സ്ഥിതിയിലേക്ക് സംസ്ഥാനത്തെ സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലിന്റെ ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് പാലിന്റെയും പാലുൽപന്നങ്ങളുടെയും പ്രതിവർഷ ഉപയോഗവും തദ്ദേശ ഉൽപാദനവും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി ജോസഫ്) :

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് 1 രൂപ സബ്സിഡി, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, സങ്കരയിനം പശുക്കുട്ടികളെ അന്യസംസ്ഥാനത്തു നിന്നും വാങ്ങി നൽകുന്ന എം.എസ്.ഡി.പി. പദ്ധതി, ക്ഷീരകർഷകക്ഷേമനിധി മുഖേന അർഹരായ ക്ഷീരകർഷകർക്ക് പെൻഷൻ എന്നിവ നടപ്പിലാക്കിവരുന്നു. പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളും കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ പദ്ധതികളിലൂടെയും സ്വന്തം ഫണ്ടുപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടുകൂടി ഗുണനിലവാരം കുറഞ്ഞതോ മായം കലർന്നതോ ആയ പാലിനും പാലുല്പന്നങ്ങൾക്കുമെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, സംസ്ഥാനത്ത് വിതരണം നടത്തുന്ന വിവിധ ബ്രാന്റ് പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി റിപ്പോർട്ട് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകി വരുന്നു. കൂടാതെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലറ്റിക്കൽ ലാബുകളിലും പാൽ സാമ്പിളുകളുടെ പരിശോധന നടത്തുകയും ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയ സാമ്പിളുകളിന്മേൽ ഉത്തരവാദികൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര ഉപഭോഗം കൂടുന്ന സന്ദർഭങ്ങളിൽ മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്.

(സി) കേരളത്തിൽ പാലിന്റെ പ്രതിവർഷ ആവശ്യകത 31.78 ലക്ഷം മെട്രിക് ടണ്ണും, പ്രതിവർഷ ഉല്പാദനം 29.03 ലക്ഷം മെട്രിക് ടണ്ണും ആണ്. സംസ്ഥാനത്ത് മിൽമ കഴിഞ്ഞ വർഷം ഉല്പാദിപ്പിച്ച് വിപണനം ചെയ്ത പാലുല്പന്നങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

ഉല്പന്നങ്ങൾ	2013-14
നെയ്	4583.7 ടൺ
തൈര്	30359148 കിലോഗ്രാം
വെണ്ണ	309 ടൺ
ഐസ്ക്രീം	1788849 ലിറ്റർ
സംഭാരം	17312630 പാക്കറ്റ്
മിൽമ പ്ലസ്	1596082 ബോട്ടിൽസ്

നഗരവികസന പദ്ധതികൾ

19 (*289) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരവികസന പദ്ധതികൾ ഊർജ്ജിതമായി കമ്മീഷൻ ചെയ്യുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലയിലുള്ള പദ്ധതികളാണ് ഇങ്ങനെ കമ്മീഷൻ ചെയ്യപ്പെടുന്നത്; വിശദമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly